# വയനാട് ജില്ല: പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ നടപടിക്രമം

(ഹാജർ : ശ്രീ.കെ.സുരേഷ്)

വിഷയം :- ജീവനകാര്യം – പഞ്ചായത്ത് വകുപ്പ് – യു.ഡി.ക്ലാർക്കുമാരുടെ സ്ഥാനക്കയറ്റവും നിയമനവും ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം :
1. ജി.ഒ (എം.എസ്) നമ്പർ 105/2007/തസ്വഭവ, തീയതി 4.4.2007.
2. ജി.ഒ (എം.എസ്) നമ്പർ 54/2008/തസ്വഭവ, തീയതി 3.3.2008
3. പഞ്ചായത്ത് ഡയറക്ടറുടെ 13.7.2010 ലെ ഇ4 – 210/10 നമ്പർ ഉത്തരവ്.
4. ഈ ഓഫീസിലെ 15.7.2010 ലെ ഇതേ നമ്പർ ഉത്തരവ്.
5. പഞ്ചായത്ത് ഡയറക്ടറുടെ 22.7.2010 ലെ ഇ4 – 210/10 നമ്പർ ഉത്തരവ്..
6. പഞ്ചായത്ത് ഡയറക്ടറുടെ 13.4.2010 ലെ ഇ8–8/2010 നമ്പർ കത്ത്.

## ഉത്തരവ് നമ്പർ എ2–26/04 തീയതി 24.7.2010

പരാമർശം (3) പ്രകാരം യു.ഡി തസ്തികയിലേക്ക് പ്രമോഷൻ ലഭിക്കുകയും വയനാട് ജില്ലയിലേയ്ക്ക് അലോട്ട് ചെയ്യപ്പെടുകയും ചെയ്ത താഴെ പറയുന്ന ജീവനക്കാരെ ടി ജീവനക്കാരുടെ പേരിന് നേരെ നൽകിയിരിക്കുന്ന പഞ്ചായത്തുകളിൽ നിയമിച്ചുകൊണ്ട് പരാമർശം (4) പ്രകാരം ഉത്തരവായിരുന്നു.

| | | |
|---|---|---|
| 1) | ശ്രീ.ടി.കെ.വേലായുധൻ | തവിഞ്ഞാൽ ഗ്രാമപഞ്ചായത്ത് |
| 2) | ശ്രീ.കെ.ജി.ഉഷ | പുൽപ്പള്ളി ഗ്രാമപഞ്ചായത്ത് |

എന്നാൽ പരാമർശം (5) പ്രകാരം ഈ ജീവനക്കാരെ യഥാക്രമം പാലക്കാട്, മലപ്പുറം ജില്ലകളിലേയ്ക്ക് റീ അലോട്ട് ചെയ്തും, ശ്രീ.ജലീഷ്.ടി.കെ, പേരാവൂർ ഗ്രാമപഞ്ചായത്ത്, കണ്ണൂർ, ശ്രീമതി സന്ധ്യ.എൻ.കെ. മുഴുപ്പിലങ്ങാടി ഗ്രാമപഞ്ചായത്ത് കണ്ണൂർ എന്നിവരെ 6680 – 10790 രൂപ ശമ്പള സ്കെയിലിൽ താൽക്കാലികമായി യു.ഡി.ക്ലാർക്ക് തസ്തികയിൽ പ്രമോഷൻ നൽകി വയനാട് ജില്ലയിലേയ്ക്ക് അലോട്ട് ചെയ്തും ഉത്തരവായിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ വയനാട് ജില്ലയിലേയ്ക്ക് അലോട്ട് ചെയ്തപ്പെട്ട ടി ജീവനക്കാർക്ക് അവരവരുടെ പേരിന് നേരെ കാണിച്ചിട്ടുള്ള ഗ്രാമപഞ്ചായത്തുകളിൽ നിയമനം നൽകി ഉത്തരവാകുന്നു.

| ക്രമ നം | പേര് | ഗ്രാമപഞ്ചായത്ത് ഓഫീസ് |
|---|---|---|
| 1) | ശ്രീമതി.സന്ധ്യ.എൻ.കെ<br>മുഴുപ്പിലങ്ങാടി ഗ്രാമപഞ്ചായത്ത് | പുൽപ്പള്ളി ഗ്രാമപഞ്ചായത്ത്<br>ശ്രീ.സണ്ണി ജോസഫിനെ<br>സ്ഥലം മാറ്റിയ ഒഴിവിൽ |
| 2) | ശ്രീ.ജലീഷ്.റ്റി.കെ<br>പേരാവൂർ ഗ്രാമപഞ്ചായത്ത് | തവിഞ്ഞാൽ ഗ്രാമപഞ്ചായത്ത്<br>ശ്രീ.റ്റി.ഗിരീഷിന് പ്രൊമോഷൻ<br>നൽകിയ ഒഴിവിൽ |

ടി ജീവനക്കാർ 25.3.2006 ലെ 145/2006/ധന നമ്പർ സർക്കാർ ഉത്തരവിന്റെ 49–ാം ഖണ്ഡികയിൽ പറയും പ്രകാരം ഒരു മാസത്തിനുള്ളിൽ ബന്ധപ്പെട്ട ഓഫീസ് മേധാവികൾ മുമ്പാകെ ഓപ്ഷൻ സമർപ്പിക്കേണ്ടതാണ്. മേൽ നിയമനങ്ങൾ പരാമർശം (1) സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി റിവ്യു ചെയ്യപ്പെടുന്നതാണ്.

ഈ ഉത്തരവ് തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ (www.lsg.kerala.gov.in) ലഭ്യമായതും ഡൗൺലോഡ് ചെയ്ത് എല്ലാ ആവശ്യങ്ങൾക്കും ഉപയോഗിക്കാവുന്നതുമാണ്.

(ഒപ്പ്)
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,
വയനാട്

വ്യക്തികൾക്ക്

പകർപ്പ് :

1) സെക്രട്ടറി, മുഴുപ്പിലങ്ങാടി, പേരാവൂർ, തവിഞ്ഞാൽ, പുൽപ്പള്ളി ഗ്രാമപഞ്ചായത്ത്.
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ,
3) കരുതൽ/അധികം